ഭക്ഷ്യധാന്യങ്ങളുടെ കടത്ത്

167 (5252) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ട അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ സ്വകാര്യ ഗോഡൗണുകളിലും കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങളിലും കണ്ടെത്തുന്ന സാഹചര്യങ്ങളെയും അതു ചോർന്നു പോകുന്ന ഉറവിടങ്ങളെയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ പിടികൂടിയ ഭക്ഷ്യശേഖരത്തെ സംബന്ധിച്ചും സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൻതോതിലുള്ള കടത്ത് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതു വിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ ചോർച്ച തടയുന്നതിനായി സംസ്ഥാനതലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും തുടർച്ചയായ പരിശോധനകളും റെയ്ഡുകളും നടത്തുന്നു. സിവിൽസപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി, പോലീസ് എന്നിവരുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായും പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പൊതു വിപണിയിലുൾപ്പെടെ ദിനംപ്രതി റെയ്ഡുകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അനധികൃതമായി കടത്തിക്കൊണ്ട് പോകുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ മുതലായവയുമാണ് പിടിച്ചെടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 2014-15 കാലയളവിൽ സംസ്ഥാനത്ത് 52 റേഷൻ മൊത്തവിതരണ കേന്ദ്രങ്ങളിലും 650 റേഷൻ കടകളിലും പരിശോധനകൾ നടത്തുകയുണ്ടായി. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും പോലീസും

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന് 60 റെയ്ഡുകൾ നടത്തുകയും 19 പേരെ അറസ്റ്റ് ചെയ്യുകയും 5 പേരെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടിയെടുക്കുകയും ചെയ്തു. 853.85 മെട്രിക് ടൺ അരി, 56.61 മെട്രിക് ടൺ ഗോതമ്പ്, 6.4 മെട്രിക് ടൺ പഞ്ചസാര, 24.76 കിലോലിറ്റർ മണ്ണെണ്ണ, 963 ഗ്യാസ് സിലിണ്ടറുകൾ എന്നിവ പിടിച്ചെടുക്കുകയും 34.20 ലക്ഷംരൂപ പിഴയായി ഈടാക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5303 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കള്ളക്കടത്ത് നടത്തിയത് കണ്ടെത്തിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങൾ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യസാധന നിയമപ്രകാരവും നടപടിയെടുത്തുവരുന്നു. കർശനമായ പരിശോധന സംവിധാനം ഇന്ന് നിലവിലുണ്ട്.

പുതിയ റേഷൻ കാർഡുകൾ

168 (5253) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻകാർഡുകൾ എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ആലോചിക്കുന്നത് ?

ഉത്തരം

മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ പുതിയ റേഷൻ കാർഡുകൾ 1-9-2015-ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

പുതിയ താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ

169 (5254) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly